പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533 | 14.12.2015 -ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ, ക്യാൻസർ, വൃക്ക രോഗങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; | (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ, ക്യാൻസർ, വൃക്ക രോഗങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാദേശിക വ്യത്യാസങ്ങളില്ലാതെ എല്ലാ വരുമാന വിഭാഗങ്ങൾക്കിടയിലും ഒരു പോലെ ഈ രോഗങ്ങൾ കണ്ടുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ രോഗങ്ങൾ വർദ്ധിച്ചു വരാനുള്ള സാഹചര്യങ്ങളെപ്പറ്റി പ്രത്യേക പഠനങ്ങൾ ഒന്നും ആരോഗ്യവകുപ്പ് നടത്തിയിട്ടില്ല. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകവലി, മദ്യപാനം തുടങ്ങിയ ദുശീലങ്ങളോടുള്ള ആസക്തി, മാനസിക പിരിമുറുക്കം എന്നിവ വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വൃക്ക രോഗങ്ങൾ, പ്രമേഹം, രക്താദിസമ്മർദ്ദം പോലെയുള്ള രോഗങ്ങളും മൂർദ്ധന്യാവസ്ഥയിലാണ് കണ്ടു വരുന്നത്. |
| (ബി) ജീവിതശൈലി രോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവ വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) | ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ഇത് നിയന്ത്രിക്കുവാൻ 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ജീവിതശൈലീ രോഗ നിയന്ത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ.<br>**1. അമൃതം ആരോഗ്യം**<br>മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിനും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നുകളും സൗജന്യമായി നൽകുകയും ചെയ്യുന്നുണ്ട്. |

(....2)

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ദുശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ നിർണ്ണയ ക്യാമ്പുകൾ (സ്ക്രീനിംഗ്), ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തിവരുന്നു. ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും മറ്റും ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

**2. ലീപ്പ് (LEAP)**

സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ജീവിതശൈലിയിൽ ആരോഗ്യപരമായ മാറ്റം കൊണ്ടുവരുന്നതിനായി LEAP എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി യോഗ പരിശീലനവും നൽകി വരുന്നു.

**3. കെയർ ഓൺ വീൽസ് & കെയർ ഓൺ വേവ്സ്**

വിദൂര പ്രദേശങ്ങളിൽ മലയോര മേഖലകളിലും, തീര പ്രദേശങ്ങളിലും അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിത ശൈലീ രോഗ നിർണ്ണയവും ചികിത്സയും നൽകുന്നതിനായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗ ക്ലിനിക്കുകൾ കെയർ ഓൺ വീൽസ് & കെയർ ഓൺ വേവ്സ് അഞ്ച് ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

ആഭ്യന്തര വകുപ്പുമായി ചേർന്ന് കൊണ്ട് പോലീസുകാരുടെ സ്ക്രീനിംഗ് നടത്തുന്നതിനായി ഷേപ്പ് (SHAPE) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

വൃക്ക രോഗങ്ങൾ, ഹൃദ്രോഗങ്ങൾ എന്നിവ ജീവിതശൈലീ രോഗനിയന്ത്രണത്തിലൂടെ നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ